പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :2319 05.02.2018 ലെ മറുപടിക്ക്

**കയർഭൂവസ്ത്രത്തിന്റെ ഉപയോഗം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.യു. ആർ. പ്രദീപ്<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ. ബി.സത്യൻ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് കയർഭൂവസ്ത്രത്തിന്റെ ഉപയോഗം വ്യാപകമാക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | എ) ആരംഭിച്ചിട്ടുണ്ട്. |
| ബി) ഏതെല്ലാം സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; | ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയ്ക്ക് കീഴിൽ മണ്ണ് / ജല സംരക്ഷണ പ്രവർത്തികളിലാണ് കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിച്ച് വരുന്നത്. ഇതിനാവശ്യമായ കയർ ഭൂവസ്ത്രം വിതരണം ചെയ്യുന്നത് കയർ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിങ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവരാണ്. |
| സി) ഓരോ പ്രദേശത്തെയും ഭൂപ്രകൃതിയ്ക്ക് അനുസരിച്ച് കയർഭൂവസ്ത്രം എങ്ങനെ ഉപയോഗിക്കാം എന്നത് സംബന്ധിച്ച് ചർച്ചകളും ക്ലാസ്സുകളും സംഘടിപ്പിച്ചിട്ടുണ്ടോ; | സി) ഉണ്ട്. |
| ഡി) കൃഷി, മണ്ണ് സംരക്ഷണം, നീർത്തടങ്ങളുടെയും ജലാശയങ്ങളുടെയും സംരക്ഷണം, റോഡ് നിർമ്മാണം തുടങ്ങിയവയ്ക്കായി കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിക്കണമെന്ന് നിർദ്ദേശം നൽകിക്കൊണ്ട് കയർ മേഖലയുടെ വികസനത്തിനായുള്ള നടപടി സ്വീകരിക്കുമോ? | ഡി) സ്വീകരിച്ചിട്ടുണ്ട്. 16/05/2017 ലെ സ.ഉ(കൈ) നമ്പർ 97/2017/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം, മണ്ണ് സംരക്ഷണം, നീർത്തടങ്ങളുടെയും ജലാശയങ്ങളുടെയും സംരക്ഷണം എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടപ്പാക്കിവരുന്ന മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിലെ വിവിധ പ്രോജക്ടുകളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ